പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1906 04.05.2017 ൽ മറുപടിയ്ക്ക്

## സ്പോർട്സ് നയം

ചോദ്യം
ശ്രീ.പി.സി. ജോർജ്

ഉത്തരം
ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സ്പോർട്സ് & ഗെയിംസിൽ മികവ് തെളിയിച്ചിട്ടുള്ള വിവിധ സ്പോർട്സ് താരങ്ങൾക്ക് മികവിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ വിവിധ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ ജോലി കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ; | എ) | ദേശീയ /അന്തർ ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കായിക താരങ്ങൾക്ക് അവരുടെ കായിക മികവുകളുടെ അടിസ്ഥാനത്തിൽ മാനദണ്ഡ പ്രകാരം സംസ്ഥാന സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വാട്ടായിൽ ഓരോ വർഷവും 50 പേർക്ക് വീതം നിയമനം നൽകി വരുന്നു.35-ാം ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡൽ നേടിയ കായിക താരങ്ങൾക്കും, ടീം ഇനത്തിൽ സ്വർണ്ണമെഡൽ നേടിയ കായിക താരങ്ങൾക്കും നിലവിൽ ജോലിയില്ലാത്തവർക്ക് കേരള സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിനും ടീം ഇനത്തിൽ വെള്ളി, വെങ്കല മെഡൽ കരസ്ഥമാക്കിയ കായിക താരങ്ങളിൽ നിലവിൽ ജോലിയില്ലാത്തവർക്ക് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിനും സർക്കാർ ഉത്തരവായിരുന്നു. ആയതിൽ മികച്ച കായിക മികവ് പുലർത്തിയ ശ്രീ.സജൻ പ്രകാശിനും, കുമാരി എലിസബത്ത് സൂസൻ കോശിയ്ക്കും പോലീസ് വകുപ്പിൽ ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിലും കുമാരി അനിൽഡാ തോമസ്, കുമാരി അനു രാഘവൻ എന്നിവർക്ക് വനം വകുപ്പിലും ഗസറ്റഡ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. |
| ബി) | നിലവിൽ സ്പോർട്സ് & ഗെയിംസ് താരങ്ങൾക്ക് കൊടുക്കുന്ന വിവിധതരം പ്രോത്സാഹനങ്ങൾ | ബി) | ദേശീയ / അന്തർദേശീയ തലത്തിൽ നേട്ടങ്ങൾ കൈവരിയ്ക്കുന്നവർക്ക് സംസ്ഥാന സർക്കാർ ഓരോ വർഷവും ക്യാഷ് അവാർഡ് |

| | | | |
|---|---|---|---|
| | പരിമിതമാണ് എന്ന പരാതികളുടെ വെളിച്ചത്തിൽ ഇവർക്കുള്ള സ്കോളർഷിപ്പുകൾ, കിറ്റ് അലവൻസുകൾ തുടങ്ങിയവ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | | നൽകുന്നുണ്ട്. കൂടാതെ, 35-ാമത് നാഷണൽ ഗെയിംസിൽ പങ്കെടുത്ത് വ്യക്തിഗത/ ടീമിനത്തിൽ മെഡൽ നേടിയ കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. 11 മികച്ച കായിക താരങ്ങളെ അവരുടെ മികവിന്റെ അടിസ്ഥാനത്തിൽ പ്രതിവർഷം തെരഞ്ഞെടുക്കുകയും അവർക്ക് എ.പി.ജെ.അബ്ദുൾ കലാം സ്കോളർഷിപ്പ് എന്ന പേരിൽ പ്രതിമാസം 10,000/- രൂപ സ്കോളർഷിപ്പും, സ്പോർട്സ് കിറ്റും 2015 മുതൽ നൽകുന്നതിനു തീരുമാനിയ്ക്കുകയും ഇതിലേയ്ക്കായി കായിക താരങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.<br><br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് റൂൾ 16 (III) പ്രകാരം ഇന്ത്യയ്ക്ക് വെളിയിൽ വച്ച് നടക്കുന്ന അംഗീകൃത ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കുന്ന മലയാളി കായിക താരങ്ങൾക്കും, ഒഫിഷ്യൽസിനും 6,000/- രൂപ വീതം കിറ്റ് അലവൻസും, ഇൻഡ്യയ്ക്കകത്ത് വച്ച് നടക്കുന്ന അംഗീകൃത ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കുന്ന മലയാളി താരങ്ങൾക്കും, ഒഫിഷ്യൽസിനും 3,000/- രൂപ വീതവും കിറ്റ് അലവൻസും നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**